"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പകർച്ച വ്യാധികൾ തടയുന്നതിന്റെ ഭാഗമായി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി ശുചിത്വ കേരളം (റൂറൽ) ശീർഷകത്തിൽ നിന്നും 13.21 കോടി രൂപയും, ശുചിത്വ കേരളം (അർബൻ) ശീർഷകത്തിൽ നിന്നും 3.63 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ശുചിത്വ മിഷന് അനുവദിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.1763/2020/LSGD തീയതി,തിരുവനന്തപുരം, 28/09/2020

---

പരാമർശം:- 1. 20.06.2019-ലെ സ.ഉ സാധാ (നം) 1257/2019/തസ്വഭവ നമ്പർ ഉത്തരവ്

2. 18.05.2020-ലെ സ.ഉ സാധാ (നം) 911/2020/തസ്വഭവ നമ്പർ ഉത്തരവ്

3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.04.2020-ലെ 102/D/2020/SMനമ്പർ കത്ത്

ഉത്തരവ്

2019-2020-ലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ ശുചിത്വ കേരളം (റൂറൽ) ഘടകത്തിന് കീഴിൽ 1597 **ലക്ഷം** രൂപയും ശുചിത്വ കേരളം (അർബൻ) ഘടകത്തിന് കീഴിൽ 395 **ലക്ഷം** രൂപയും **പരാമർശം (1)** പ്രകാരം അനുവദിച്ചിരുന്നു.

2. ശുചിത്വ കേരളം (റൂറൽ) ഘടകത്തിന് കീഴിൽ അനുവദിച്ച തുകയിൽ ട്രഷറിയിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് 2019-2020 സാമ്പത്തിക വർഷം പണമാക്കി മാറ്റുവാൻ കഴിയാത്ത **13.21 കോടി രൂപ** ശുചിത്വ കേരളം (റൂറൽ) ശീർഷകത്തിൽ നിന്നും റീ അലോട്ട്മെന്റ് വഴി ഈ സാമ്പത്തിക വർഷം നൽകേണ്ടതുണ്ട്.

3. ശുചിത്വ കേരളം (അർബൻ) ശീർഷകത്തിൽ നിന്ന് അനുവദിച്ച നൽകിയ 395 ലക്ഷം രൂപയിൽ ട്രഷറിയിൽ നിന്നും നഗരസഭകൾക്ക് 2020 മാർച്ച് 31 മുൻപ് പണമാക്കി മാറ്റുവാൻ കഴിയാത്ത **3.63 കോടി രൂപ** ശുചിത്വ കേരളം (അർബൻ) ശീർഷകത്തിൽ നിന്നും ഈ സാമ്പത്തിക വർഷം നഗരസഭകൾക്ക് റീ അലോട്ട്മെന്റ് വഴി അനുവദിക്കേണ്ടതുണ്ട്.

4. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി **13.21 കോടി** രൂപ ശുചിത്വ കേരളം (റൂറൽ) ശീർഷകത്തിൽ നിന്നും **3.63 കോടി** രൂപ ശുചിത്വ കേരളം (അർബൻ) ശീർഷകത്തിൽ നിന്നും ഈ സാമ്പത്തിക വർഷം റീ അലോട്ട്മെന്റ് വഴി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

5. ശുചിത്വ മിഷന്റെ 2020-2021 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ശുചിത്വകേരളം റൂറൽ (2515-00-101-68) ശീർഷകത്തിൽ 13.21 കോടി രൂപയും, ശുചിത്വ കേരളം (അർബൻ) (2217-80-800-71) ശീർഷകത്തിൽ 3.63 കോടി രൂപയും ഭരണാനുമതി നൽകി **പരാമർശം (2)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പകർച്ച വ്യാധികൾ തടയുന്നതിന്റെ ഭാഗമായി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 2019-2020 സാമ്പത്തിക വർഷം അനുവദിച്ച നൽകിയ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കായി ശുചിത്വ കേരളം (റൂറൽ) (2515-00-101-68) ശീർഷകത്തിൽ നിന്നും 13.21 **കോടി രൂപയും**, ശുചിത്വ കേരളം (അർബൻ) (2217-80-800-71) ശീർഷകത്തിൽ നിന്നും 3.63 **കോടി രൂപയും** ഈ സാമ്പത്തിക വർഷത്തെ (2020-2021) ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ശുചിത്വ മിഷന് അനുവദിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഡവലപ്മെന്റ് വിങ് ) വകുപ്പ് ( UO note No. 1495777/Dev 2 /90/2020 dated 12.05.2020)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്